**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 115** **27-01-2026 - ൽ മറുപടിയ്ക്ക്**

**ശബരിമല സ്വർണ്ണകൊള്ളയുമായി ബന്ധപ്പെട്ട കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ശബരിമല സ്വർണ്ണകൊള്ളയുമായി ബന്ധപ്പെട്ട് കേരള പോലീസ് നാളിതുവരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഓരോ കേസിലും ആരെയൊക്കെയാണ് പ്രതിചേർത്തിട്ടുള്ളതെന്നും, എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും, എത്ര പേരെ ഇനി അറസ്റ്റ് ചെയ്യുവാൻ ഉണ്ടെന്നും അറിയിക്കുമോ; പ്രസ്തുത കേസുകളുടെ എഫ്.ഐ.ആർ. ന്റെ പകർപ്പുകളും ലഭ്യമാക്കാമോ? | (എ) | ബഹു. കേരള ഹൈക്കോടതി സ്വമേധയാ എടുത്ത SSCR No.23/2025 കേസിലെ 06-10-2025ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ ക്രൈംബ്രാഞ്ച് & ലോ & ഓർഡർ ശ്രീ.എച്ച്.വെങ്കിടേഷ് IPSന്റെ നേതൃത്വത്തിൽ ഒരു പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 26-ൽ ബഹു.ഹൈക്കോടതി ഇപ്രകാരം ഉത്തരവായിട്ടുണ്ട്.<br><br>“We direct the Special Investigation Team constituted to consider the report submitted by the Chief Vigilance and Security Officer (Superintendent of Police) and, upon ascertaining the specific offences disclosed therein, to promptly register a crime in accordance with law. The Team shall thereafter conduct a thorough, impartial, and expeditious investigation, employing all resources and expertise at its command, to ensure that the actual perpetrators are brought to justice and that every aspect relating to the Dwarapalakas is fully brought to light. The officers of the Team shall be directly answerable to this Court and shall ensure that the investigation is conducted with utmost discretion and integrity. They shall refrain from divulging any information to the public or the media until the investigation is completed and seek the permission of this Court before filing the final report before the jurisdictional Court.”<br><br>ഈ വിഷയത്തിൽ ക്രൈം നം.3700/2025, 3701/2025 എന്നിങ്ങനെ രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസിന്റെ അന്വേഷണ പുരോഗതി ബഹു. ഹൈക്കോടതി സസൂക്ഷ്മം നിരീക്ഷിച്ചുവരികയും |

| | | | |
|---|---|---|---|
| | | | പ്രത്യേക അന്വേഷണസംഘത്തിന്റെ റിപ്പോർട്ടുകൾ പരിഗണിക്കുകയും ചെയ്തുവരികയാണ്. |

സെക്ഷൻ ഓഫീസർ